ബയോടെക്നോളജിയുടെ വികസനം

20 (*380) ശ്രീ. യു.എസ്. ശശി :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ ബയോടെക്നോളജിയുടെ വികസനത്തിന് വൻപിച്ച പ്രാധാന്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബയോടെക്നോളജിയുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നതിനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഈ രംഗത്ത് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി)&(സി) കാർഷിക മേഖലയിൽ ബയോ ടെക്നോളജിയുടെ പ്രാധാന്യം കണക്കിലെടുത്ത് 1997-98 മുതൽ ''കാർഷിക മേഖലയിൽ നൂതന സാങ്കേതിക സംരഭങ്ങൾ'' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി വിദേശ വിപണിയിൽ നല്ല ഡിമാന്റുള്ള ഓർക്കിഡ്, ആന്തൂറിയം എന്നീ ചെടികളുടെയും ഫലവർഗ്ഗങ്ങളുടെയും നല്ല നടീൽവസ്തുക്കൾ യഥേഷ്ടം ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് കഴക്കൂട്ടത്ത് ആരംഭിക്കുന്ന ലാബിന്റെ നിർമ്മാണം പൂർത്തിയാക്കിവരുന്നു. കൃഷിവകുപ്പ് ഈ രംഗത്ത് ഏറ്റെടുക്കുന്ന ആദ്യ സംരംഭമാണിത്. ടിഷ്യൂ കൾച്ചർ ലാബുകൾ സ്ഥാപിക്കുന്നതിന് ഈ രംഗത്ത് നേട്ടങ്ങളുണ്ടാക്കിയവരെ സഹായിക്കുന്ന ഒരു പദ്ധതിയ്ക്കും രൂപംനൽകി നടപ്പിലാക്കുന്നു.

കശുമാവ് കൃഷിവികസന പദ്ധതി

21 (*381) ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുമാവ് കൃഷി വികസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇപ്പോൾ സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി നടത്തുന്നുണ്ട്;

(ഡി) കശുമാവ് കൃഷിക്കാർക്ക് സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) കശുമാവ് ഉൽപ്പാദന വികസനത്തിനായി 'മിഷൻ ഓൺ കാഷ്യൂ' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly